കചിദ്വനസ്പതി ക്രോഡേ ഗുഹായാം ചാഭിവർഷതി
നിർവിശ്യ ഭഗവാൻ രേമേ കന്ദമൂലഫലാശന: **(10-20-28)**
ആശ്ലിഷ്യ സമശീതോഷ്ണം പ്രസൂനവനമാരുതം
ജനാസ്താപം ജഹുർഗ്ഗോപ്യോ ന കൃഷ്ണഹൃതചേതസ: **(10-20-45)**

*ശുകമുനി തുടർന്നു:*
വൃന്ദാവനം കാലവർഷമാരിയിൽ ആകെ കുളിച്ചീറനായിരുന്നു. സൂര്യൻ വേനൽക്കാലത്താവിയായി ഭൂമിയിൽനിന്നു സംഭരിച്ചുവച്ച ജലം ഇപ്പോൾ മഴയായി പുറത്തു വിടുന്നു. ഉത്തമനായ ഭരണാധികാരി ആളുകളിൽ നിന്ന് കരംപിരിച്ച് സർവ്വജനനൻമക്കായി അതു ചിലവഴിക്കും പോലെയത്രേ അത്. കാറ്റിൽ പറന്നുവന്ന മഴമേഘങ്ങളെ ഇടിമിന്നൽ മുറിച്ച് മുഴുവനായി ഭൂമിയിലേക്ക് ചൊരിഞ്ഞിരിക്കുന്നു. വരണ്ട ഭൂമിക്കു പോഷകമേകാൻ സ്വയം ആ മേഘങ്ങൾ സമർപ്പണം ചെയ്തിരിക്കുന്നു. കൃപാലുവായ ഒരുവൻ അഗതികൾക്കായി സഹായമെത്തിക്കുന്നതു പോലെയത്രെ അത്. ഇതുവരെ വരണ്ടുണങ്ങിയിരിക്കുന്ന അവസ്ഥയിൽനിന്നുമാറി ഭൂമിയിൽ ജീവൻ തുടിച്ചുണർന്നു കാണപ്പെട്ടു. തപശ്ചര്യയിലേർപ്പെട്ട യോഗിവര്യന്റെ ശരീരം ശോഷിച്ചുണങ്ങുമെങ്കിലും പിന്നീട് ആരോഗ്യം വീണ്ടെടുത്ത് വരുന്നതുപോലെ ഭൂമി കാണപ്പെട്ടു. രാത്രി കാലങ്ങളിൽ നക്ഷത്രങ്ങളുടെ തിളക്കത്തിനു പകരം മിന്നാമിനുങ്ങുകളെ മാത്രമെ കാണാനുണ്ടായിരുന്നുള്ളൂ. കലിയുഗത്തിൽ മിഥ്യാശാസ്ത്രങ്ങളുടെ തിളക്കമാണ് കാണപ്പെടുക എന്നും യഥാർത്ഥ വേദശാസ്ത്രങ്ങൾ മറഞ്ഞിരിക്കുമെന്നും ഇതു നമ്മെ മനസ്സിലാക്കുന്നു. സമുദ്രമാകട്ടെ സ്വതവേ ഇളകിമറിഞ്ഞിരിക്കുന്നു. എന്നാൽ നദികൾ നിറഞ്ഞൊഴുകി സമുദ്രത്തിലെത്തി അതിനെ കൂടുതൽ പ്രക്ഷുബ്ധമാക്കിയിരിക്കുന്നു. അപക്വമതിയായ യോഗിയുടെ മനസ്സ് സ്വതവേ ആഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നു. എന്നാൽ ഇന്ദ്രിയവസ്തുക്കളുടെ ദർശനമാത്രയിൽ ആ മനസ്സ് ഇളകിമറിയുന്നതുപോലെയാണ് സമുദ്രമിപ്പോൾ. ചന്ദ്രൻ തന്നെ മറയ്ക്കുന്ന കാർമേഘങ്ങളെ പ്രകാശമാനമാക്കുന്നു. പഞ്ചേന്ദ്രിയങ്ങളെ പ്രവർത്തനോൻമുഖമാക്കുന്നത് ജീവനാണെങ്കിലും ഇന്ദ്രിയാവരണത്താൽത്തന്നെ അതു മറഞ്ഞിരിക്കുന്നു. ഭൂമിയിൽ ഇപ്പോൾ വർണ്ണങ്ങളുടെ ഒരു വിളയാട്ടം കാണപ്പെടുന്നു. പച്ചപ്പുനിറഞ്ഞ ചെടികൾ ചുവന്ന പ്രാണികൾ കൂണുകൾ ഇവയെല്ലാം ചേർന്ന് വലിയൊരു സൈന്യനിരപോലെ ഭൂമി വർണ്ണാഭമായി. എന്നാൽ പർവ്വത നിരകൾ മഴയിൽ കുലുങ്ങാതെ നിലകൊണ്ടു. ഭഗവൽത്പാദങ്ങളിൽ ഹൃദയമുറപ്പിച്ച ഒരുവൻ യാതൊരുവിധ വിപത്തുക്കളിലും ചഞ്ചലചിത്തനാവാത്തതുപോലെയാണത്. കൃഷ്ണൻ ഗോക്കളെ മേച്ചു നടന്നു. വല്ലാതെ മഴപെയ്യുമ്പോൾ അവർ ഒരു ഗുഹയിലോ വള്ളിക്കുടിലിലോ അഭയം തേടി. അവിടെ പഴങ്ങളും മറ്റും കഴിച്ച് അവർ ആനന്ദിച്ചുല്ലസിച്ചു. പശുക്കൾ പുല്ലുമേഞ്ഞ് സംതൃപ്തരായി പുൽത്തകിടിയിൽ വിശ്രമിക്കുന്നത് കണ്ട് കൃഷ്ണൻ ആഹ്ലാദിച്ചു.

അതു കഴിഞ്ഞ് ശരത് കാലം വന്നു. തടാകത്തിലേയും നദിയിലേയും മണ്ണു നിറഞ്ഞു കലങ്ങിയിരുന്ന ജലമെല്ലാം ഇപ്പോൾ തെളിഞ്ഞു നിർമ്മലമായിരിക്കുന്നു. ഇടക്കാലത്ത് കലുഷമായിപ്പോയ യോഗിവര്യന്റെ മനസ്സ് പരിശുദ്ധി വീണ്ടെടുത്തതുപോലെയാണിത്. മഴക്കാലത്ത് ജലമെല്ലാം കോരിച്ചൊരിഞ്ഞ മേഘങ്ങൾ ഇപ്പോൾ വെളുത്തു പ്രകാശം ചൊരിഞ്ഞു നിൽക്കുന്നതു കണ്ടാൽ ആഗ്രഹങ്ങളുപേക്ഷിച്ച സന്യാസിവര്യൻമാർ ത്രിലോകസുഖങ്ങളുപേക്ഷിക്കയാൽ ആത്മപ്രകാശം ചൊരിഞ്ഞു വിലസുകയാണോ എന്നു തോന്നിപ്പോകും. കൃഷിക്കാർ തങ്ങളുടെ പാടങ്ങളിൽ നിന്ന് വെള്ളം പുറത്തുപോവുന്നത് ജാഗരൂഗതയോടെ നിയന്ത്രിക്കുന്നു. ശ്രദ്ധാവാനായ യോഗിവര്യൻ തന്റെ ജീവ:ശക്തിയെ മനസ്സിലൂടെയും ഇന്ദ്രിയങ്ങളിലൂടെയും ചിലവഴിക്കുന്നത് എപ്രകാരമാണോ അതുപോലെയാണ് ആ കർഷകർ ജലം ഉപയോഗിക്കുന്നത്. ചന്ദ്രനെച്ചുറ്റി നിൽക്കുന്ന നക്ഷത്രങ്ങൾപോലെ കൃഷ്ണനെച്ചുറ്റി ഗോപാലൻമാർ എന്നും സർവ്വർക്കും ആഹ്ലാദമേകി. മിതശീതോഷ്ണമായ കാലാവസ്ഥ വൃന്ദാവനത്തിലെ സ്ത്രീജനങ്ങൾക്കൊഴികെ മറ്റെല്ലാവർക്കും ആശ്വാസമേകി. അവരുടെ ഹൃദയങ്ങൾ എല്ലാം കൃഷ്ണൻ അപഹരിച്ചിരുന്നുവല്ലോ.